ചെയ്തിട്ടുള്ള സ്കീമാണിത്. സാങ്കേതിക കാരണങ്ങളാൽ ഈ സ്കീമിന്റെ പ്രയോജനം കിട്ടാതെ പോകുന്നവർക്കുകൂടി കിട്ടണം എന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത് അവർക്ക് ലഭ്യമാക്കുന്നതിന് റബ്ബർ ബോർഡുമായി ആലോചിച്ച് അതിനൊരു പരിഹാരമുണ്ടാക്കാം.

ശ്രീ. പി. സി. ജോർജ് : സർ, റബ്ബർ പോലെ പ്രധാനപ്പെട്ടതാണ് ഒട്ടുപാൽ, ചണ്ടിപ്പാൽ എന്നിവ. ഷീറ്റ് മാത്രമല്ല റബ്ബർ പാലും കൊടുക്കുന്നുണ്ട്. അതിനുംകൂടി വില ഉറപ്പാക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, റബ്ബർ പാലിന് ഇപ്പോൾ നല്ല വിലയുണ്ട്. ഏതായാലും ഈ സ്കീം തുടങ്ങുന്ന സമയത്ത് റബ്ബർ പാലിന് നല്ല വിലയുണ്ടായിരുന്നു. സാധാരണ റബ്ബറിന് നല്ല വില കിട്ടിയതിനുശേഷം മറ്റുകാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

5. ദളിത് ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് ആനുകൂല്യം

മി. ചെയർമാൻ : ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സണ്ണി ജോസഫും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, സമൂഹത്തിൽ എല്ലാ രീതിയിലും ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു വിഭാഗമാണ് ദളിത് ക്രൈസ്തവർ. ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സ്റ്റൈപ്പൻഡിന്റേയും ലംപ്സം ഗ്രാന്റിന്റേയും പേരിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾ എന്ന നിലയിൽ അവർക്ക് ലഭിക്കാൻ അർഹതയുള്ള സ്കോളർഷിപ്പ് ഇപ്പോൾ നിഷേധിച്ചിരിക്കുകയാണ്. ലംപ്സം ഗ്രാന്റും സ്റ്റൈപ്പൻഡും ഗവൺമെന്റ് നൽകുന്ന ഗ്രാന്റാണ്. അത് ഗ്രാന്റായിത്തന്നെയാണ് കണക്കാക്കേണ്ടത്. അത് സ്കോളർഷിപ്പല്ല. അത് കിട്ടുന്നുവെന്നുള്ളതുകൊണ്ട് ഈ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ സ്കോളർഷിപ്പ് നിഷേധിക്കുന്നത് ശരിയല്ല. സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഫീസിളവ് അടക്കം എസ്.സി. വിഭാഗത്തിന് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. അവർക്കും അത് ലഭിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളണം. അതുപോലെ പട്ടികജാതിക്കാരുടെ വായ്പാകടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി ദളിത് ക്രൈസ്തവർക്കും ബാധകമാക്കണം. ഈ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ദളിത് ക്രൈസ്തവ സംഘടന ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്നലെ ശ്രീ. സണ്ണി ജോസഫിന്റെ നേതൃത്വത്തിൽ ഒരു നിവേദക സംഘം എന്നെ കാണാൻ വന്നിരുന്നു. ഞങ്ങൾ ഒരു കോൺഫറൻസുകൂടി ഇക്കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സുരേഷ് കറുപ്പ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. ഒന്നാമതായി അവർ ഉന്നയിച്ച പ്രശ്നം അവർക്ക് കിട്ടുന്ന ലംപ്സം ഗ്രാന്റ് കടിശ്ശികയായിരിക്കുന്നുയെന്നുള്ളതാണ്. അതിന്റെ മുഴുവൻ തുകയും റിലീസ് ചെയ്തു. ഓൺലൈനായി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. ഈ വർഷത്തേയും ലംപ്സം ഗ്രാന്റ് യഥാസമയം കൊടുക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. ഇത് കിട്ടുന്നതിന്റെ പേരിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നു എന്നകാര്യം പറഞ്ഞു. അതിന് ഏത് വിധത്തിൽ പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. കാരണം അവർ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇവർക്ക് കൊടുക്കുന്ന ലംപ്സം ഗ്രാന്റ് ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്ന തുകയെക്കാൾ കുറവായതിനാൽ അത് തുല്യമാക്കണമെന്ന ആവശ്യം തികച്ചും ന്യായമാണ്. അതുകൊണ്ട് അത് തുല്യമാക്കുകയോ ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യം ഇവർക്കുകൂടി ലഭ്യമാക്കുകയോ ചെയ്യും. ഏതെങ്കിലുമൊന്ന് നിശ്ചയമായിട്ടും നടപ്പിലാക്കും. അതുപോലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവർക്കുകൂടി ബാധകമാക്കണം. ഉദാഹരണത്തിന് കഴിഞ്ഞവർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈക്കിൾ കൊടുത്തു. ഇവരുടെ കുട്ടികൾക്കും സൈക്കിൾ കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യവും പരിശോധിച്ച് പോസിറ്റീവായ തീരുമാനമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത് എന്ന് വ്യക്തമാക്കാനാഗ്രഹിക്കുന്നു.

6. കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ഭേദഗതി

ശ്രീ. പുരുഷൻ കടലുണ്ടി : സർ, അക്കാദമിക് യോഗ്യതയുള്ള ഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവകാശ നിഷേധം, അല്ലെങ്കിൽ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ളതാണ് സബ്മിഷൻ. 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് റൂൾ 4-ന് അനുബന്ധമായി ഷെഡ്യൂൾ 1-ലെ നോട്ടുപ്രകാരം എസ്.സി/എസ്.റ്റി. വിഭാഗം ഉദ്യോഗാർത്ഥികൾക്ക് ഉയരത്തിൽ 5 സെന്റീമീറ്റർ ഇളവ് അനുവദിച്ചിരുന്നു. എന്നാൽ 2014-ൽ ഷെഡ്യൂൾ ഭേദഗതി വരുത്തിയപ്പോൾ ഷെഡ്യൂൾ 1-ലെ നോട്ട്